**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6354** **20-03-2023 - ൽ മറുപടിയ്ക്ക്**

**ട്രൈബൽ റീഹാബിലിറ്റേഷൻ ഡെവലപ്മെന്റ് മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ട്രൈബൽ റീഹാബിലിറ്റേഷൻ ഡെവലപ്മെന്റ് മിഷൻ ആരംഭിച്ചത് എന്നാണെന്നും നാളിതുവരെ എത്ര ട്രൈബൽ സെറ്റിൽമെന്റുകളിൽ നിന്നുള്ള എത്ര കുടുംബങ്ങളെ പുനരധിവസിപ്പിച്ചിട്ടുണ്ടെന്നും ഇതിനായി നാളിതുവരെ ചെലവഴിച്ച തുക എത്രയെന്നും അറിയിക്കാമോ; | (എ) | 09.11.2001-ലെ സ.ഉ.(അച്ചടി)നം.63/2001/ പജ.പവ.വിവ പ്രകാരമാണ് ആദിവാസി പുനരധിവാസ വികസന മിഷൻ രൂപീകരിച്ചിട്ടുള്ളത് .<br><br>ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന 27 ട്രൈബൽ സെറ്റിൽമെന്റുകളിൽ നിന്നും വിവിധ കാരണങ്ങളാൽ പട്ടികവർഗ്ഗ കുടുംബങ്ങളെ മാറ്റി പാർപ്പിക്കുന്നതിനായി 21,26,86,315/- രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട്.<br><br>വയനാട് ജില്ലയിൽ വനം വന്യജീവി വകുപ്പ് മുഖേന നടപ്പിലാക്കുന്ന സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം 8 സെറ്റിൽമെന്റുകളിൽ നിന്നായി 155 കുടുംബങ്ങളെ മാറ്റി പാർപ്പിക്കുന്നതിനായി 15,79,11,364/- രൂപ വനം വന്യജീവി വകുപ്പ് ചെലവഴിച്ചിട്ടുണ്ട്.<br><br>എറണാകുളം ജില്ലയിലെ വാരിയം കോളനിയിലെ 67 കുടുംബങ്ങളെ എറണാകുളം ജില്ലയിലെ തന്നെ പന്തപ്രയിലെ ഉരുളൻതണ്ണി തേക്ക് പ്ലാന്റേഷനിൽ ഇത്തരത്തിൽ പുനരധിവസിപ്പിച്ചിട്ടുണ്ട്. ആയതിനായി 4,30,90,886/- രൂപ ചെലവഴിച്ചിട്ടുണ്ട്.<br><br>മലപ്പുറം ജില്ലയിൽ ചളിക്കൽ കോളനിയിലെ 31 കുടുംബങ്ങളെ സ്ഥലം വാങ്ങിയും കണ്ണൻകുണ്ട് കോളനിയിലെ 34 കുടുംബങ്ങൾക്ക് നിക്ഷിപ്ത വനഭൂമി നൽകിയും പുനരധിവസിപ്പിക്കുന്നതിന് 2,41,64,591/- രൂപ ചെലവഴിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ കാക്കണഞ്ചേരി, ചുള്ളിയകം, ഓടങ്കോട് എന്നിവിടങ്ങളിലായുള്ള 51 കുടുംബങ്ങളെ സ്ഥലം വാങ്ങി പുനരധിവസിപ്പിക്കുന്നതിന് 2,38,17,946/- രൂപ ചെലവഴിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | **വയനാട് ജില്ലയിൽ വെള്ളപ്പൊക്ക ഭീഷണി നേരിടുന്ന 21 കോളനികളിൽ നിന്നും 171 കുടുംബങ്ങളെ സ്ഥലം വാങ്ങി പുനരധിവസിപ്പിക്കുന്നതിനായി 12,16,12,892/- രൂപ ചെലവഴിച്ചിട്ടുണ്ട്.**<br><br>**വയനാട് ജില്ലയിൽ നാഷണൽ റീഹാബിലിറ്റേഷൻ റീസെറ്റിൽമെന്റ് പോളിസി (2007) പ്രകാരം വന്യജീവി സാങ്കേതങ്ങൾക്കുള്ളിലുള്ള കോളനികളിൽ അധിവസിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങളെ വനാന്തരത്തിൽ നിന്നും 2012 മുതൽ വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ മാറ്റിപ്പാർപ്പിക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. നൂൽപുഴ, തിരുനെല്ലി പഞ്ചായത്തുകളിലായുള്ള 8 സെറ്റിൽമെന്റുകളിൽ നിന്നായി ഇതുവരെ 155 കുടുംബങ്ങൾക്കായി ഭൂമി കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 129 കുടുംബങ്ങളുടെ ഭൂമിയുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തികരിച്ചിട്ടുണ്ട്. ഇതിനായി വനം വകുപ്പിൽ നിന്നും ഓരോ കുടുംബത്തിനും 10 ലക്ഷം രൂപ നിരക്കിൽ അനുവദിച്ചിട്ടുണ്ട്. ഇത്തരത്തിൽ ആകെ 15,50,00,000/- രൂപയും രജിസ്ട്രേഷൻ ഇനത്തിൽ 29,11,364/- രൂപയും കൂടി ചേർത്ത് ആകെ 15,79,11,364/- രൂപ ചെലവഴിച്ചിട്ടുണ്ട്.** |
| (ബി) | പുനരധിവസിപ്പിച്ച മേഖലയിൽ നിലവിൽ എത്ര കുടുംബങ്ങൾ താമസിക്കുന്നുണ്ടെന്നും ഈ മേഖലയിൽ താമസിക്കാൻ സാധിക്കാത്തതിനാൽ തിരികെ പോയ കുടുംബങ്ങൾ എത്രയാണെന്നും അറിയിക്കാമോ; | (ബി) | **ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ട്രൈബൽ സെറ്റിൽമെന്റുകളിൽ നിന്നും മാറ്റി പാർപ്പിച്ച 354 കുടുംബങ്ങളിൽ 216 കുടുംബങ്ങൾ താമസിക്കുന്നുണ്ട്. 138 കുടുംബങ്ങൾ താമസത്തിന് എത്താനുണ്ട്.**<br><br>**വയനാട് ജില്ലയിൽ നാഷണൽ റീഹാബിലിറ്റേഷൻ റീസെറ്റിൽമെന്റ് പോളിസി (2007) പ്രകാരം മാറ്റി പാർപ്പിക്കപ്പെട്ടതിൽ 2 കുടുംബങ്ങൾ താമസിക്കാൻ സാധിക്കാത്തതിനാൽ തിരികെ പോയിട്ടുണ്ട്.** |
| (സി) | പുനരധിവാസം സംബന്ധിച്ച് സമ്മതപത്രം നിർബന്ധിച്ച് ഒപ്പിട്ടുവാങ്ങി എന്ന് കാണിച്ച് എത്ര കുടുംബങ്ങൾ പരാതി നൽകിയിട്ടുണ്ട് ; പ്രസ്തുത പരാതികളിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ അറിയിക്കാമോ? | (സി) | **ഇപ്രകാരമുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല .** |

സെക്ഷൻ ഓഫീസർ